**File No.LSGD-FM2/140/2020-LSGD**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കിളിമാനൂർ പ്രൈവറ്റ് ബസ്സ്റ്റാന്റിനായി ലാൻഡ് അക്വയർ ചെയ്യുതുമായി ബന്ധപ്പെട്ട LAR കേസ് നമ്പർ LAR 08 / 04ലെ പുതുക്കിയ വിധിന്യായ പ്രകാരം തുക ഒടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1500/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, 12/08/2020

പരാമർശം:- 1. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 06/11/2019 ലെ A1/7947/2019നമ്പർ കത്ത്

2.പഞ്ചായത്ത് ഡയറക്ടറുടെ 17/01/2020 ലെ PAN/413/2020-G1(DP) നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കിളിമാനൂർ പ്രൈവറ്റ് ബസ്സ്റ്റാന്റിനായി ലാൻഡ് അക്വയർ ചെയ്യുതുമായി ബന്ധപ്പെട്ട് LAR കേസുകൾ നിലവിലുണ്ടെന്നും ആയതിൽ LAR 08/04 നമ്പർ കേസിൽ ബഹു ആറ്റിങ്ങൽ സബ് കോടതിയുടെ വിധിന്യായത്തിന് വിധേയമായി തിരുവനന്തപുരം ജില്ലാ അഡിഷണൽ (എൽ എ ) യൂണിറ്റ് സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ടിട്ടുള്ള തുകയായ 3785850 /-രൂപ (മുപ്പത്തേഴ് ലക്ഷത്തി എൺപത്തയ്യായിരത്തി എണ്ണൂറ്റി അൻപത് രൂപ ) ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1) ലെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കിളിമാനൂർ പ്രൈവറ്റ് ബസ്സ്റ്റാന്റിനായി ലാൻഡ് അക്വയർ ചെയ്യുതുമായി ബന്ധപ്പെട്ട LAR കേസിൽ( LAR 08 / 04) കെട്ടിവയ്ക്കുന്നതിലേക്കായി ആറ്റിങ്ങൽ സബ് കോടതിയുടെ വിധിന്യായത്തിന് വിധേയമായി തിരുവനന്തപുരം ജില്ലാ അഡിഷണൽ (എൽ എ ) യൂണിറ്റ് സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ടിട്ടുള്ള തുകയായ 3785850 /-രൂപ (മുപ്പത്തേഴ് ലക്ഷത്തി എൺപത്തയ്യായിരത്തി എണ്ണൂറ്റി അൻപത് രൂപ ) ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature valid

Digitally signed by S BINDU
Date: 2020.08.13 10:53:50 IST
Reason: Approved